# നിക്കോദേമൂസ്

**വി. യോഹന്നാൻ 3/1–15**

**Homily points collected by Fr. George Kanamkudam. Fr. Kanamkudam can be reached at** frgkanamkudam@rediffmail.com

## ആമുഖം

യേശു ആരെന്ന് വെളിവാക്കുന്ന കാലമാണ് ദനഹാക്കാലം. ഇന്ന് യേശു ദൈവ ത്തിൽ നിന്നു വരുന്ന ഗുരുവാണ് എന്ന് നിക്കോദേമൂസിന്റെ വാക്കുകൾ നാം കേൾക്കുന്നു. ജലത്താലും ആത്മാവിനാലും വീും ജനിച്ച് നവീകരിക്കപ്പെട്ട വ്യക്തികളായി ഈ ഗുരുവിനെ നാം വെളിപ്പെടുത്തണം. ഇന്നത്തെ സുവിശേഷ ത്തിലെ രു പ്രധാന പ്രതീകങ്ങളാണ് വീും ജനനവും ഉയർത്തപ്പെടലും. ഫരിസേയ പ്രമുഖനായ നിക്കോദേമൂസും യേശുവുമായുള്ള നിശാസംവാദത്തിലെ പ്രധാന വിഷയങ്ങളാണിവ.

നിക്കോദേമൂസ് എന്ന വാക്കിനർത്ഥം ജനത്തെ വിജയിക്കുന്നവനെന്നാണ്.

തിരക്കുകളിൽ നിന്നൊഴിഞ്ഞ് ശാന്തവും ദീർഘവുമായ സംഭാഷണം നടത്താൻ ഉചിതമായ രാത്രി സമയത്ത് നിക്കോദേമൂസ് യേശുവിനടുത്തെത്തുന്നു. യേശു വിനുവേി അൽപം അടുപ്പം ഹൃദയത്തിൽ നിക്കോദേമൂസ് കരുതിയിരുന്നു. എ ന്നാൽ സമൂഹത്തെ പേടിക്കുന്ന മനുഷ്യന്റെ സ്വഭാവികത അയാളിലും പ്രവർത്തി ച്ചിട്ടുാകണം. ഒരംഗീകാര പ്രസ്താവനയുമായിട്ടാണ് അയാൾ വരുന്നത്. ഇനിയും തനിക്കു പലതും അറിയാനു് എന്ന അറിവ് നിക്കോദേമൂസിനു്. തുറന്ന ഹൃദയവുമായി വന്നയാൾ ഹൃദയത്തിൽ പ്രഭാതവുമായി മടങ്ങുന്നു. രാത്രി യിൽ തന്നെ അന്വേഷിച്ചെത്തിയവനെ സ്വീകരിച്ചിരുത്തി ക്രിസ്തു അവനോട് വെളി ച്ചത്തെക്കുറിച്ചു പറയുന്നു. പുറമെയുള്ളതിലേറെ ഇരുട്ട് നിക്കോദേമൂസിന്റെ ഉള്ളി ലു്. മനുഷ്യർ പ്രകാശത്തേക്കാൾ അന്ധകാരത്തെ അധികമായി സ്നേഹിച്ചു വെന്ന് യേശു അയാളോട് പരാതിപ്പെടുന്നു. വെളിച്ചത്തിന്റെ വക്താവാകുവാനുള്ള ആഹ്വാനം ക്രിസ്തു നൽകുന്നു.

ദൈവത്തിൽ നിന്നുവന്നയാൾ, ദൈവം കൂടെയുള്ളവൻ എന്നൊക്കെ യേശുവിനെ സുഖിപ്പിക്കുവാൻ നിക്കോദേമൂസ് ശ്രമിക്കുന്നു. കൂടെയുള്ള ചെറു കൈവിളക്ക് ലളിതമായ ആ വിശ്വാസമാണ്. അത്ഭുതങ്ങൾ കുകൊു മാത്രം വിശ്വസി ക്കുന്നത് ശരിയായ വിശ്വാസമല്ല. ഈശോയെ അയാൾ അറിയുന്നത് അത്ഭുതങ്ങ ളുടെ അടിസ്ഥാനത്തിലാണ്. എന്നാൽ യേശു നിക്കോദേമൂസിനെ അവന്റെ കട മയെ കുറിച്ചാണ് ഓർമ്മിപ്പിക്കുന്നത്. പ്രധാനകാര്യം വീും ജനിക്കുകയാണെന്ന് ഈശോ വ്യക്തമായി ഓർമ്മിപ്പിക്കുന്നു. പാപത്തിന്റെ ഇരുളിൽ ജീവിച്ചുകൊ് സ്തോത്രഗീതം പാടുന്നവരേയും ഇതു തന്നെ ക്രസ്തു ഓർമ്മിപ്പിക്കുന്നു. മഞ്ഞു കാലത്ത് ഉണക്കമരം പോലെ കാണപ്പെടുന്ന വൃക്ഷങ്ങൾ ഇലയും പൂവും കായും ചൂടി മനോഹരമായി നിൽക്കുന്നത് വീും ജനനത്തിന്റെ ഓർമ്മയുണർത്തുന്നു.

## വീും ജനനം

നിക്കോദേമൂസ് യേശുവിനോട് ഒന്നും ചോദിക്കുന്നില്ലെങ്കിലും യഹൂദർ അക്കാലത്ത് ചോദിച്ചിരുന്ന ചോദ്യത്തിനുള്ള ഉത്തരമാണ് ഈശോ നൽകുന്നത്. ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിന് എന്തുചെയ്യണം എന്നതായിരുന്നു ആ ചോദ്യം.

നവജനനം കൂടാതെ യേശുവിൽ പങ്കാളിത്വം സാധ്യമല്ല. മാറ്റം വരുത്തുവാൻ കഴിവുള്ളവനിൽ മാറ്റം വരാൻ ആഗ്രഹിക്കുന്നവൻ സർവ്വം സമർപ്പിക്കുന്നതാണ് നവജനനം. വീും ജനനമെന്നത് ശാരീരികമായ ജനനമല്ല, ആത്മാവിലുള്ള ജനനമാണ്. വിശ്വാസം എങ്ങനെ ഉാകുന്നുവെന്നും അതിന്റെ കാതൽ എന്തെന്നും സുവിശേഷകൻ വ്യക്തമാക്കുന്നു്. സ്വർഗ്ഗത്തിലേക്കുള്ള വഴിയാണ് സുവിശേഷഭാഗ്യങ്ങളുടേത്. വീും ജനനം എന്നതിന് ഉന്നതങ്ങളിൽ നിന്നുള്ള ജനനം എന്നും അർത്ഥമു്. ഉന്നതങ്ങളിൽ നിന്നുള്ള ജനനം വെള്ളവും ആത്മാവും കൊുള്ള ജനനമാണ്. ഈശോയുടെ വാക്കുകൾക്ക് പലപ്പോഴും സ്വഭാവിക് അർത്ഥവും ആത്മീയഅർത്ഥവുമു്. പലപ്പോഴും അവിടുന്ന് ഉദ്ദേശിക്കുന്ന അർത്ഥത്തിലല്ല ശ്രോതാക്കൾ മനസ്സിലാക്കുന്നത്. ഉത്തര അറമായഭാഷയിൽ വീും ജനനം എന്നതിന് ചിന്തയിലും ശീലത്തിലും മാറ്റം വരുത്തുക എന്നർത്ഥമു്. ദക്ഷിണ അറമായ വശമായിരുന്ന നിക്കോദേമൂസിനത് മനസ്സിലായില്ല.

## അടയാളങ്ങളിൽ ആകൃഷ്ടനായി

ദേവാലയ ശുദ്ധീകരണത്തിനു ശേഷം യേശു ചെയ്ത വലിയ അടയാളങ്ങൾക്കു ശേഷം അനേകർ യേശുവിൽ വിശ്വസിച്ചെങ്കിലും യേശു അവരിൽ വിശ്വസിച്ചില്ലെന്ന് യോഹ. 2/23-24 ൽ കാണുന്നു. യേശുവിന്റെ അത്ഭുതങ്ങളുളവാക്കിയ അവരുടെ വിശ്വാസത്തിന് എല്ലാം ഉപേക്ഷിച്ച് യേശുവിനെ അനുഗമിക്കുവാൻ മാത്രം ആഴമില്ലെന്ന് യേശുവിനറിയാമായിരുന്നതിനാലാണ് അവിടുന്ന് അവരിൽ വിശ്വസിക്കാതിരുന്നത്. നിക്കേദേമൂസും അടയാളങ്ങളിൽ ആകർഷിക്കപ്പെട്ടവനാണ്.

യേശുവിനെ നിയമലംഘകനായും ദൈവദൂഷകനായും മുദ്രകുത്തി എതിർക്കുന്ന ഫരിസേയുടെ കൂട്ടത്തിലെ ഒരാളായിരുന്നു നിക്കോദാമൂസ്. മാത്രവുമല്ല, റോമിനോട് ചേർന്ന് നിന്ന് തങ്ങളുടെ അധികാരം സംരക്ഷിച്ചു വന്നിരുന്ന ആലോചനാസംഘത്തിലെ ഒരു യഹൂദ ഭരണാധികാരിയുമായിരുന്നു നിക്കോദേമൂസ്.

## ജലസ്നാനം

വചനം കേട്ട് മാനസാന്തരത്തിന്റെ ഫലം പുറപ്പെടുവിക്കുന്ന ജീവിതത്തിന്റെ തുടക്കമാണത്. യോഹന്നാന്റെ സ്നാനമതാണ്. സ്നാനം സ്വീകരിച്ചവർ ചോദിച്ചു, "ഞങ്ങളെന്താണ് ചെയ്യേതെന്ന്?" സ്നാപകൻ അതിനുത്തരം നൽകിയത് ഇപ്രകാരമാണ്. ഉള്ളവൻ ഇല്ലാത്തവനുമായി പങ്കുവയ്ക്കണം. ന്യായത്തിലധികം നികുതി പിരിക്കരുത്. കിമ്പളം വാങ്ങരുത്. ബലവാൻ ബലഹീനനെ ഭീഷണിപ്പെടുത്തരുത്. ചൂഷണംചെയ്യരുത്. നന്മയും നീതിയും പ്രവർത്തിക്കുകയാണ് ജലസ്നാനം കൊ് ലക്ഷ്യമാക്കുന്നത്.

## ജലസ്നാനം

യേശുവിൻ വിശ്വസിക്കുന്ന മാനസാന്തരപ്പെട്ട വ്യക്തി ഒരു പുതിയ സൃഷ്ടിയാണ്. മാമോദീസായിലൂടെ ആ വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുന്നു. സഭയിൽ ജലം മാമോദീസായേയും അരൂപി വിശ്വാസത്തേയും പ്രതിനിധാനം ചെയ്യുന്നു. (ജലത്താൽ എന്ന വാക്ക് പിന്നീട് എഴുതിചേർത്തതായി ചിലർ വ്യാഖ്യാനിക്കുന്നു.)

## ആത്മ സ്നാനം

ജലസ്നാനത്തിന്റെ പൂർത്തികരണമാണത്. യേശു നൽകുന്ന സ്നാനമാണിത്. അവിടുത്തെ വ്യക്തിത്വത്തിൽ ഉൾച്ചേരുന്നതാണത്. ഗുരുവിനെ ഇരുളിലിരുന്ന് സ്തുതിക്കുന്നതല്ല, ഇരുളകറ്റാൻ ഗുരുവിനെ അനുവദിക്കുന്നതും ഗുരുവിന്റെ വ്യക്തിത്വം സ്വീകരിക്കുന്നതുമാണ് യഥാർത്ഥ മാനസാന്തരം.

മനസ്സുവച്ചാൽ വീും ജനനം (മാനസാന്തരവും നവീകരണവും) സാധ്യമാണെന്ന് യേശു പറയുന്നു. അവ മനുഷ്യന്റെ ശക്തിയുടെയും ബുദ്ധിയുടെയും പ്രവൃത്തിയെന്നതിലുപരി ദൈവത്തിന്റെ കൃപയുടെയും സ്നേഹത്തിന്റെയും പ്രവൃത്തിയാണ്. മനുഷ്യന്റെ തുറവിയും വിധേയത്വവും ധാരാളം മതി. "കാറ്റ് അതിനിഷ്ടമുള്ളിടത്തേക്ക് വീശുന്നു, ....ആത്മാവിൽ ജനിക്കുന്ന ഏവനും". മനസ്സിന്റെ വാതായനങ്ങൾ മലർക്കേ തുറന്നിട്ടാൽ ആത്മശബ്ദം കേൾക്കാനാവും. അതനുസരിച്ചാൽ ക്രിസ്തുവിൽ പുതിയ വ്യക്തിയാകും.

പുതുതായി ജീവിക്കാനുള്ള അഭിഷേകം സ്വീകരിക്കുകയാണ് വീും ജനിക്കുക എന്നതിനർത്ഥം. "തന്റെ നാമത്തിൽ വിശ്വസിക്കുന്ന എല്ലാവർക്കും ദൈവമക്കൾ ആകാനുള്ള അവകാശം അവൻ കൊടുത്തു" (യോഹ. 1/12) – ഇവരത്രെ ആത്മാവിൽ ജനിച്ചവർ. ദൈവത്തിന്റെ ഇടപെടൽ ഇല്ലാതെ ആരും വീും ജനിക്കുന്നില്ല. വിശ്വാസത്തിലേക്കുള്ള കടന്നുവരവിന് ദൈവകൃപ കൂടിയെ തീരു.

പുനർജന്മം എന്നത് പുതിയ ഹൃദയം ദൈവത്താൽ സൃഷ്ടിക്കപ്പെട്ട് ദൈവഹിതം അനുസരിക്കാൻ മനുഷ്യരെ പ്രാപ്തരാക്കുന്ന ആത്മാവിനാൽ നിറയപ്പെടുക എന്നതാണ് ജറ. 31/33, ഏശ. 44/3, എസെ. 11/18 എന്നിവിടങ്ങളിൽ അതു കാണാം.

## ഭൗമിക കാര്യവും സ്വർഗ്ഗീയകാര്യവും

ഭൗമികകാര്യം മനുഷ്യന്റെ ആത്മീയജനനവും സ്വർഗ്ഗീയകാര്യം ഈശോയുടെ മരണവും ഉത്ഥാനവുമാകാം (അല്ലെങ്കിൽ സ്വർഗ്ഗരാജ്യപ്രവേശവും ആകാം. അതിനുള്ള മാർഗ്ഗം ഈശോയാണ്. ). സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങുകയും കയറുകയും ചെയ്യുന്ന ഈശോ സ്വർഗ്ഗീയ കാര്യങ്ങളെക്കുറിച്ചു നൽകുന്ന സാക്ഷ്യം ആധികാരികമാണ്.

## ലോകത്തെ അത്രമാത്രം സ്നേഹിച്ചു

പുത്രൻ ലോകത്തിലേക്കു വന്നതും സ്വർഗ്ഗത്തിലേക്കു പോയതും മനുഷ്യനു ജീവൻ നൽകാൻ വേിയാണ്. കുരിശിൽ ഉയർത്തപ്പെടുന്നതോടെയാണ് അതാരംഭിക്കുന്നത്. രക്ഷാപദ്ധതിക്കു നിദാനം ദൈവത്തിന്റെ സ്നേഹമാണ്. യേശുവിനെ പിതാവു ലോകത്തിലേക്കയച്ചു മരണത്തിനു നൽകാൻ തക്കവണ്ണം അവിുടന്നു മനുഷ്യരെ സ്നേഹിച്ചു. ഏകജാതൻ എന്ന വിശേഷണം ദൈവത്തിന്റെ സ്നേഹാധിക്യം പ്രകടമാക്കാൻ സഹായിക്കുന്നു.

## നിക്കോദേമൂസിന്റെ പരാജയങ്ങൾ

യേശുവിന്റെ ക്ഷണം സ്വീകരിച്ച് അവിടുത്തോട് പൂർണ്ണമായും ചേരാൻ നിക്കോദേമൂസിന് കഴിഞ്ഞില്ലെന്ന് സുവിശേഷത്തിലെ പിന്നീടുള്ള വിവരണങ്ങൾ വ്യക്തമാക്കുന്നു. നീതിക്കുവേി തനിക്കാവും വിധം ശബ്ദമുയർത്താൻ അയാൾക്കു കഴിയുന്നില്ല. “ഒരുവന് പറയാനുള്ളത് ആദ്യം കേൾക്കാതെയും അവനെന്താണ് ചെയ്യുന്നതെന്ന് അറിയാതെയും അവനെ വിധിക്കാൻ നമ്മുടെ നിയമം അനുവദിക്കു ന്നു ു ോ ?” എന്ന ചോദ്യത്തോടെ നിക്കോദാമൂസിന്റെ ഇടപെടൽ തീർന്നു.

നിക്കോദേമൂസ് നിശബ്ദനാകുന്നതുപോലെ നമുക്ക് നഷ്ടപ്പെടുവാനുള്ളവ നമ്മെ അനീതിയും അക്രമവും അവഗണിക്കാൻ പ്രേരിപ്പിക്കുന്നു. വാസ്തവത്തിൽ അവ്വിധം നമ്മൾ ഈ ക്രൂരതകൾക്ക് കൂട്ടുനിൽക്കുന്നവരായി തീരുന്നു. ചോര ചിന്തി വിശ്വാസത്തിനു സാക്ഷ്യത്തിന്റെ വിലനൽകിയ രക്തസാക്ഷികളിൽ നിന്നു നാം ബഹുദൂരം സഞ്ചരിക്കുന്നു.

## ഉയർത്തപ്പെടുമ്പോൾ എല്ലാവരേയും ആകർഷിക്കും

കുരിശിൽ ഉയർത്തപ്പെടുന്നതുവഴിയാണ് യേശു നിത്യജീവൻ പ്രദാനം ചെയ്യുന്നത്. മരണം ജീവൻ നൽകാനുള്ള മാർഗ്ഗമായി അവിടുന്നു കു. ആത്മത്യാഗം ഉൾച്ചേരാത്ത കുടുംബബന്ധങ്ങളും ഇടവക സമൂഹവും സന്യസ്ത ജീവിതവും ക്രിസ്തീയ പ്രസ്ഥാനങ്ങളും കപടതയാണ്.

യേശു കുരിശു മരണത്തിലൂടെ മഹത്വമണിഞ്ഞു എന്ന് സുവിശേഷകൻ പ്രഖ്യാപിക്കുന്നു. സർപ്പം ദൈവശക്തിയുടെ പ്രതീകമായിരുന്നു. വിശ്വാസത്തോടെ സർപ്പത്തെ നോക്കിയവർ രക്ഷപ്പെട്ടു. അതുപോലെ യേശുവിൽ വിശ്വസിക്കുന്നവർക്കെല്ലാം നിത്യജീവനു്. ഈ വിവരണം കുരുശിന്റെ രക്ഷാകരദൗത്യമാണ് എടുത്തുകാട്ടുക. സർപ്പത്തെ നോക്കിയുള്ള രക്ഷപ്പെടലിന് ജ്ഞാനഗ്രന്ഥം നൽകുന്ന വ്യാഖ്യാനമിതാണ്, അതിലേക്കു നോക്കിയവർ രക്ഷപ്പെട്ടു; അവർ കവസ്തുമൂലമല്ല, എല്ലാവരേയും സുഖപ്പെടുത്തുന്ന അങ്ങയുടെ വചനമാണ് അവരെ സുഖപ്പെടുത്തിയത്. ജ്ഞാനം 61/7,12

## കാറ്റ് അതിനിഷ്ടമുള്ളിടത്തേക്ക് വീശുന്നു.

കാറ്റ് ആർക്കും കാണപ്പെടുന്നില്ലെങ്കിലും അതിന്റെ പ്രവർത്തനം അനുഭവവേദ്യമാണ്. കാറ്റിന്റെ ഉത്ഭവവും ലക്ഷ്യവും മനസ്സിലാക്കുക വിഷമമാണെങ്കിലും അതൊരു യാഥാർത്ഥ്യമാണ്. ആത്മാവിൻ ജനിക്കുന്ന ദൈവമക്കളെ പാപരാഹിത്യം, വിശുദ്ധി, സഹോദരസ്നേഹം എന്നിവവഴി തിരിച്ചറിയാം. (1 യോഹ. 3/9, 4/7)

## ഈശോ എല്ലാവരുടെയും രക്ഷകനാണ്, ശിക്ഷകനല്ല

ഈശോ എല്ലാവരുടെയും രക്ഷകനാണ്, ശിക്ഷകനല്ല. സ്വതന്ത്രകീരുമാനത്തിന്റെ ഉത്തരവാദിത്വം ഓരോരുത്തർക്കുമുള്ളതാണ്. ദൈവം ആരേയും വിധിക്കുന്നില്ല. വിശ്വസിക്കാത്തവർ തങ്ങളെത്തന്നെ വിധിക്കുന്നു. ദൈവത്തിന്റെ പദ്ധതിയുടെ മറുവശമാണ് മനുഷ്യരുടെ നാശം.

## സംഭവങ്ങൾ

1980 മാർച്ച് 24ന് ലാറ്റിനമേരിക്കയിലെ എൽ സാൽവദോറിൽ വെടിയേറ്റു മരിച്ച ആർച്ച് ബിഷപ്പ് ഓസ്കർ റോമേരോ. കുർബാമദ്ധ്യേയാണ് വെടിയേറ്റ് അദ്ദേഹം മരിച്ചത്. അമേരിക്കയുടെ പ്രത്യക്ഷ പിന്തുണയോടെ രാജ്യം ഭരിച്ചിരുന്ന പട്ടാള ഭരണകൂടത്തിന്റെ ക്രൂരതകൾക്കെതിരെ ശബ്ദമുയർത്തിയതാണ് കാരണം. മരണത്തിന് തലേന്ന് ഞായറാഴ്ച കുർബാനമദ്ധ്യേ അദ്ദേഹം പ്രസംഗത്തിൽ പട്ടാളക്കാരെ അഭിസംബോധനചെയ്ത് പറഞ്ഞിരുന്നു, "സഹോദരന്മാരെ, നിങ്ങൾ കൊന്നൊടുക്കിക്കൊിരിക്കുന്നത് നിങ്ങളുടെ സഹോദരന്മാരെയാണ്. അതും വെറും മനുഷ്യന്റെ കല്പന നിറവേറ്റുവാൻ. നിങ്ങൾ അനുസരിക്കേത് ദൈവകൽപനയാണ്. കൊല്ലരുതെന്നാണ് ആ കൽപന. ദൈവത്തിന്റെ കൽപനയ്ക്കു എതിരായ യാതൊരു ആജ്ഞയും അനുസരിക്കുവാൻ പട്ടാളക്കരാനും ബാധ്യസ്ഥനല്ല..... അതിനാൽ ദൈവനാമത്തിൽ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു, അല്ല, ആജ്ഞാപിക്കുന്നു, ഈ മർദ്ദനവും അടിച്ചമർത്തലും അവസാനിപ്പിക്കുക!" സത്യത്തിന്റെയും നീതിയുടെയും ശബ്ദം വീടെുത്ത് വീും ജനിക്കുകയായിരുന്നു റൊമേരോ.

ഗ്രാമത്തിൽ മെഴുകുതിരി വിറ്റ് ജീവിച്ചിരുന്ന ഒരു മനുഷ്യൻ കുറെ നാൾ കഴിഞ്ഞപ്പോൾ മനസ്സിലാക്കി ആരും മെഴുകുതിരി വാങ്ങുവാൻ തയ്യാറാകുന്നില്ല എന്ന്. കാരണം ഇരുളിലൂടെ നടന്ന് ഗ്രാമവഴികൾ ഏവർക്കും പരിചിതമായിരിക്കുന്നു. ഇനിയെന്തിന് മെഴുകുതിരി തെളിച്ച് ബുദ്ധിമുട്ടണം.

വീും ജനിച്ച പൗലോസിനെപ്പോലെ നമുക്കും പറയാനാവണം, ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്.
മദ്യപാനം, ദുശ്ശീലങ്ങൾ, ദുഷ്ടത എല്ലാം മാറ്റുമ്പോൾ പുതിയ ജനനമാകും.